# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെറ്റിഎം പി.15/195/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 03/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെറ്റിഎം പി.15/195/23 തീയ്യതി: 03/03/2023

## കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 25-01-2023 | 02-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-01-2023 | 02-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധാ ജോക്കബ്, ഓഡിറ്റ് ഓഫീസർ
ശ്രീ. രഞ്ജിത്ത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. എമിൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീജിത്ത് റ്റി എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ സിബി ജോസ് കെ | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീ മുഹസിൻ പി എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 30-06-2021 |
| ശ്രീമതി ഷീബാമോൾ കെ എം | സെക്രട്ടറി | 01-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ അരുൺ കൃഷ്ണ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച് .സി.) | 01-04-2021 | 31-03-2022 |
| ഡോ ദേവികാറാണി കെ ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ പ്രേമ സ്റ്റെല്ല | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി അമൃത ആർ | വി ഇ ഒ ,വെള്ളാവൂർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുജ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ.കണ്ണൻ പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ടോണി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജിഷാ ബൈജു | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ മുഹസിൻ പി എം | അസി.സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീമതി സീനാ പി ആർ | അസി.സെക്രട്ടറി | 30-07-2021 | 17-01-2022 |
| ശ്രീമതി മഞ്ജുള ആർ | അസി.സെക്രട്ടറി | 25-01-2022 | 31-01-2022 |
| ശ്രീമതി മാലിനി വി കെ | അസി.സെക്രട്ടറി | 01-02-2022 | 31-03-2022 |
| ശ്രീമതി രെഞ്ചു എസ് ഫ്രാൻസിസ് | അസി . എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി രാജേശ്വരി ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 08-11-2021 |
| ശ്രീമതി. സിന്ധു പി ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 09-11-2021 | 31-03-2022 |
| ശ്രീമതി അമൃത ആർ | വി ഇ ഒ ,താഴത്തുവടകര | 01-04-2021 | 31-03-2022 |

അസിസ്റ്റന്റ് സെക്രട്ടറി 06.07.2021 മുതൽ 29.07.2021 വരെ, 18.01.2022 മുതൽ 24.01.2022 വരെ ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | രസീത് പ്രകാരം പിരിച്ചെടുത്ത തുക പഞ്ചായത്തിൽ അടവാക്കിയില്ല | 1-11 |
| 12 | ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ തുക തനത് ഫണ്ടിൽ നിന്ന് ഒടുക്ക് വരുത്തി | 1-12 |
| 13 | വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-13 |
| 14 | വസ്തുനികുതിയിനത്തിൽ 408916 രൂപ കുടിശ്ശിക | 1-14 |
| 15 | കേരള വാട്ടർ അതോറിറ്റി വക കെട്ടിടത്തിന് വസ്തു നികുതി ഒഴിവാക്കി നല്കി | 1-15 |
| 16 | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 18 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-18 |
| 19 | തേക്ക് തടി ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-19 |
| 20 | ഇ—ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല | 1-20 |
| 21 | തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്ക് അനുവദിക്കുന്നു | 1-21 |
| 22 | റോഡ് മെയിന്റനൻസ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവ് ചെയ്തു കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി.യും തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നു | 1-22 |
| 23 | മഠത്തുംമുറി സ്കൂൾപടി -പാലത്തുങ്കൽ പാലം പുനരുദ്ധാരണത്തിന് ശേഷം സംരക്ഷണ ഭിത്തി തകർന്ന അവസ്ഥയിൽ | 1-23 |
| 24 | മരുന്ന് ലഭ്യമായില്ല- | 1-24 |

| | | |
|---|---|---|
| 25 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-25 |
| 26 | ആശ്രയ- വികസനഫണ്ട് പൂർണമായും വിനിയോഗിച്ചിട്ടില്ല. | 1-26 |
| 27 | പ്രേരകിന് നൽകിയ ഹോണറേറിയം- റീക്കൂപ്പ് ചെയ്യേണ്ടത്- | 1-27 |
| 28 | തുക കൈമാറൽ- വിനിയോഗവിവരം ലഭ്യമാകാത്തത് | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2021-22 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 19/02/2021 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 08/03/2022 ലെ 2/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 9068523 | 9565794 |
| വരവ് | 117790050 | 63889480 |
| ആകെ | 126858573 | 73455274 |
| ചെലവ് | 117724026 | 66546284 |
| നീക്കിയിരിപ്പ് | 9134547 | 6908990 |

ബജറ്റ് പ്രകാരം 12.68 കോടി രൂപയുടെ പ്രതീക്ഷിത വരവും 11.76 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 13.70 കോടി രൂപയും ചെലവ് 13.99 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 137073065 രൂപയും ചെലവ് 139914946 രൂപയും തൻവർഷ പ്രവർത്തന നഷ്ടം 2841881 രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 42052438/- രൂപയും ബാധ്യതകളുടെ മൂല്യം 38365157/- രൂപയും ജനറൽ ഫണ്ട് 3687281/- രൂപയുമാണ്. 2021-22 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1) 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക പത്രികയുമായുള്ള കൃത്യത ഉറപ്പാക്കാനായിട്ടില്ല.

3) തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4)റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

5) . 31/03/2022-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരമുള്ള സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുന്ന തുകകളുടെ(Library Cess,SGST,CGST,Flood Cess) വിശദാംശവും രേഖപ്പെടുത്തി Government & Other Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6) .പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ അടിസ്ഥാന രേഖയായ എ.സി.ആർ. അപൂർണ്ണമാണ്.

7)അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക പത്രികയുമായുള്ള കൃത്യത ഉറപ്പാക്കാനായിട്ടില്ല.

8) സംയുക്ത പ്രോജക്ടിനായി ലഭിച്ച ചെലവ് പത്രികയിലെ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും വാർഷിക കണക്കിലെ ബ്ലോക്ക് വിഹിതം തുകയും തമ്മിലുള്ള 60000 രൂപയുടെ വ്യത്യാസം വിശദീകരിച്ചില്ല.

9)വാർഷിക കണക്ക് B-9 ഷെഡ്യൂളിലെ Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ഉൾപ്പെട്ട തുകയ്ക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

10)RP 40(b) യിൽ SBT – NREGA എന്ന അക്കൗണ്ടിൽ 2100 രൂപ നീക്കിയിരുപ്പ് ഉണ്ടെങ്കിലും ആയതിന്റെ പാസ്സ്ബുക്ക്, പൊരുത്തപ്പെടുത്തൽ പത്രിക എന്നിവ ലഭ്യമായിട്ടില്ല ( RP 40(a ) യിൽ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരുപ്പ് ഉണ്ടായിരുന്നില്ല .)

11)വെള്ളാവൂർ ഗ്രാമപഞ്ചായത്തിന് ഓഡിറ്റ് റിക്കവറി ഇനത്തിൽ ( RR നടപടി) ലഭിച്ച തുക പഞ്ചായത്തിന് ബാധ്യതയായി 350300109-Goverment And Other Dues Payable-Refund Of Unutilised Grant Of Prior Period ശീർഷകത്തിൽ വർഷങ്ങളായി നിലനിർത്തി പോകുന്നു .

12) വാർഷിക കണക്ക് B-15 ഷെഡ്യൂളിൽ പരസ്യ നികുതി ഇനത്തിൽ ലഭിക്കാനുള്ളതായി സൂചിപ്പിച്ച തുകയ്ക്ക് വിശദീകരണം ലഭ്യമാക്കിയില്ല .

13) വാർഷിക കണക്ക് B-18 ഷെഡ്യൂളിലെ Advance To Implementing Officers എന്ന ഇനത്തിൽ സൂചിപ്പിച്ച തുകയ്ക്ക് വിശദീകരണം ലഭ്യമാക്കിയില്ല

14) വാർഷിക കണക്ക് B-18 ഷെഡ്യൂളിലെ Advance To Others എന്ന ഇനത്തിൽ സൂചിപ്പിച്ച തുകയ്ക്ക് വിശദീകരണം ലഭ്യമാക്കിയില്ല

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9565794 |
| ഓഡിറ്റ് വർഷത്തെ വരവ് | 63889480 |
| ആകെ | 73455274 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 66546284 |
| നീക്കിയിരിപ്പ് | 6908990 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1277319 |

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10559000 | 10559000 | 10559000 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6440688 | 6440688 | 6340000 | 100688 | 98 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 199000 | 199000 | 174000 | 25000 | 87 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12091771 | 12091771 | 11683267 | 408504 | 97 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4853319 | 4853319 | 4589922 | 263397 | 95 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 2789164 | 2789164 | 2543612 | 245552 | 91 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 4520360 | 4520360 | 2938934 | 1581426 | 65 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 3749.21 | 33212205 | 33215954.21 | 33208550.21 | 7404 | . |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 520370 | 466241 | 986611 | 981075 | 5536 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 1710774 | 485726 | 2196500 | 2015774 | 180726 | |
| കോർപ്പസ് ഫണ്ട്(പട്ടിക വർഗ്ഗ വികസനം) | 1000000 | 0 | 1000000 | 0 | 1000000 | |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1389534/-രൂപ, 410666/- രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

31/03/2021 ലെ സ.ഉ.(സാധാ) നം. 2617/2022/ധന. ഉത്തരവ് പ്രകാരം വികസനഫണ്ട് എസ്.സി.പി, റ്റി എസ് പി, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) എന്നീ ഇനങ്ങളിൽ യഥാക്രമം 100688 രൂപ, 25000 രൂപ, 10771 രൂപ വീതം അലോട്ട്മെന്റ് ഉണ്ടായിരുന്നു (ഇത് ഉൾപ്പെടെയാണ് മേൽ പട്ടിക തയ്യാറാക്കിയിരിക്കുന്നത്). എന്നാൽ പ്രസ്തുത തുക പഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും തുക യഥാർത്ഥത്തിൽ പഞ്ചായത്തിൽ വരവായി ലഭിച്ചിട്ടില്ല. ആയത് പരിഗണിച്ചാൽ വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി ,റ്റി എസ് പി, എന്നിവയിൽ 100 % ശതമാനം തുകയും പഞ്ചായത്തിന് ചെലവഴിക്കാൻ കഴിഞ്ഞു .

വികസന ഫണ്ട്, കേന്ദ്ര-സംസ്ഥാന വിഹിതം എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് (ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ, വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

2021-22 വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 25.03.2022ലെ 81898/21/ഡി.പി.സി /ഡി.പി.ഒ/കോട്ടയം ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു. 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണഗ്രാമസഭ | 5.2.21 മുതൽ12.2.21വരെ |
| പ്രൊക്യൂർമെന്റ് കമ്മിറ്റിയോഗം | 11.5.21,19.5.21,13.8.21 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 2.2.21 |
| വികസനസെമിനാർ | 16.2.21 |
| ഊരുകൂട്ട യോഗം | 3.2.21,5.8.21,19.11.21 |

2021-22 വാർഷിക പദ്ധതിയുടെ അടങ്കൽ 76997345/-രൂപയും, ആകെ ചെലവ് 48813764/-രൂപയുമാണ്. പദ്ധതി അടങ്കലായി വകയിരുത്തിയ തുകയുടെ 63.4% ചെലവഴിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്റ്റുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ | നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 6 | 1391200 | 313280 | 22.5 |
| വെറ്ററിനറി സർജൻ | 11 | 11 | 4243000 | 2902022 | 68.4 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 8 | 8 | 2628462 | 2439891 | 92.8 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 1175000 | 1174845 | 99.9 |
| വി.ഇ.ഓ1 | 5 | 5 | 7466705 | 4122500 | 55.21 |
| വി.ഇ.ഓ2 | 15 | 15 | 21984295 | 10003285 | 45.5 |
| സെക്രട്ടറി | 36 | 29 | 8831770 | 5872194 | 66.48 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 4391972 | 3320308 | 75.5 |
| അസി.എഞ്ചിനീയർ | 76 | 63 | 18849712 | 13811499 | 73.27 |
| ഹെഡ്മാസ്റ്റർ | 9 | 6 | 757229 | 584686 | 77.21 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 1929000 | 1829000 | 94.8 |
| അസി.സെക്രട്ടറി | 11 | 8 | 2935000 | 2335779 | 79.58 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 414000 | 104475 | 25.23 |
| ആകെ | 194 | 160 | 76997345 | 48813764 | 63.39 |

ഗ്രാമപഞ്ചായത്തിന് ലഭിച്ച പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിയ്ക്കാൻ സാധിച്ചിട്ടുണ്ട്.

വികസനഫണ്ട്(ജനറൽ, എസ്.സി.പി,ടി.എസ്.പി)) 100% ചെലവഴിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ്(റോഡ്), നോൺ റോഡ് യഥാക്രമം 97%,95% ചെലവഴിച്ചിട്ടുണ്ട്. കൃഷി ഓഫീസർ(22.5),വി.ഇ.ഒ 2(45.5), ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ(25.23) എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് ശതമാനം വളരെ കുറവാണ്. നിർവ്വഹണഉദ്യോഗസ്ഥർ നിർവ്വഹണത്തിന് ലഭിക്കുന്ന പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 244 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 243 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 243 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 138 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 90361 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1216 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവൃത്തി, മഴക്കുഴി നിർമ്മാണം , വൃക്ഷതൈ നടീൽ തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ കാഷ് ബുക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | 3749.21 | |
| വരവ് | ഇ എഫ് എം എസ് വരവ് | 31859156 | 33212205 |
| | ഓൺഫണ്ടിൽ നിന്നുള്ള ലോൺ | 839206 | |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ ) | 513843 | |
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | | | 33215954.21 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 26674065 | 33208550.21 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 781396 | |
| | ഉപകരണങ്ങളുടെ വില, വാടക | 4403695 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 852464.21 | |
| | ഓൺഫണ്ടിലേക്കുള്ള ലോൺ തിരിച്ചടവ് | 496930 | |
| നീക്കിയിരിപ്പ് | | 7404 | |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14880 | 8 |
| വാർദ്ധക്യകാല പെൻഷൻ | 27747500 | 1769 |
| കർഷക തൊഴിലാളി പെൻഷൻ | 1444700 | 80 |
| വിധവ പെൻഷൻ | 9521800 | 589 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 363200 | 20 |
| വികലാംഗ പെൻഷൻ | 3459400 | 222 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 25/01/2023-ന് 03.00 PM സമയത്ത് ഓഫീസ് മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 4003/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ നികുതിവരവുകളുടെ ഡിസിബി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.2022 | 01/22-03/22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.16 മുതൽ 17.03.16 വരെ | 2010-11 മുതൽ 2014-15 വരെ | LBQ(HQ)II/8A-2411/03 Dt.18.04.2016 |

## 1-11 രസീത് പ്രകാരം പിരിച്ചെടുത്ത തുക പഞ്ചായത്തിൽ അടവാക്കിയില്ല

പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യൽ എന്ന പ്രോജക്റ്റിനു വേണ്ടി [ 177/22(SO) ] 59368 നമ്പർ മാനുവൽ രസീത് ബുക്ക് ഉപയോഗിച്ച് വി.ഇ. ഒ. പിരിച്ചെടുത്ത തുക പൂർണ്ണമായും പഞ്ചായത്തിൽ അടവാക്കിയില്ല .ഇനി അടവാക്കാനുള്ള രസീതുകളെ സംബന്ധിക്കുന്ന വിശദ വിവരം ചുവടെ ചേർക്കുന്നു .

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | പിരിച്ചെടുത്ത തുക | കളക്ഷൻ നടത്തിയ തീയതി | പഞ്ചായത്തിൽ അടവാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 59368 | 79 മുതൽ 83 വരെ | 450 | 31/03/22 | - | 450 |
| 59368 | 84 മുതൽ 100 | 1530 | 31/03/22 | 1440 | 90 |

| | | | | | | |
|---|---|---|---|---|---|---|
| | വരെ | | | | | |
| ആകെ | | | | | | 540 |

59368 നമ്പർ രസീത് ബുക്കിന്റെ 1 മുതൽ 78 വരെയുള്ള രസീത് പ്രകാരം സ്വീകരിച്ച തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. രസീത് പ്രകാരം പിരിച്ചെടുക്കുന്ന തുക പഞ്ചായത്തിൽ അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 03/30.01.23) 6 ഗുണഭോക്താക്കൾക്ക് തുക അടവാക്കുന്നതിന് മുൻപ് തന്നെ രസീത് എഴുതിയിരുന്നതായും എന്നാൽ അവർ തുക ഒടുക്കിയില്ലയെന്നും ആയത് ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകി . പിരിച്ചെടുക്കുന്ന തുകയുടെ വിവരങ്ങൾ യഥാസമയം തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുക അതാത് ദിവസം തന്നെ പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ് . ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ കർശനമായും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൻ മേൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു . ലഭിക്കാനുള്ള തുക പഞ്ചായത്തിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ് .

1-12 ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ തുക തനത് ഫണ്ടിൽ നിന്ന് ഒടുക്ക് വരുത്തി

വി ഇ ഒ നടപ്പാക്കിയ പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യൽ, കിച്ചൺ ബിൻ വിതരണം ചെയ്യൽ എന്നീ പ്രോജക്ടുകൾക്ക് ഗുണഭോക്തൃവിഹിതമായി യഥാക്രമം 45000, 3854 രൂപ വകയിരുത്തിയിരുന്നു. രസീത് ബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഗുണഭോക്തൃവിഹിതം തുക എല്ലാവരിൽ നിന്നും ലഭിച്ചിട്ടില്ല. മാത്രമല്ല വി ഇ ഒ യ്ക്ക് ഗുണഭോക്തൃ വിഹിതമായി ലഭിച്ച തുകയേക്കാൾ കൂടുതൽ തുക (ഗുണഭോക്തൃവിഹിതമായി വകയിരുത്തിയിരുന്ന തുക പൂർണ്ണമായും) പൈപ്പ് കമ്പോസ്റ്റ്, കിച്ചൺ ബിൻ എന്നിവ ലഭിക്കുന്നതിനായി സോഷ്യോ എക്കണോമിക്ക് ഫൗണ്ടേഷനിൽ ഒടുക്ക് വരുത്തി . വിശദ വിവരം ചുവടെ ചേർക്കുന്നു .

| പ്രോജക്ടിന്റെ പേര് , നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്തൃ വിഹിതമായി ലഭിക്കേണ്ട തുക | ഗുണഭോക്തൃ വിഹിതമായി പിരിച്ച തുക | ഗുണഭോക്തൃ വിഹിതമായി സോഷ്യോ എക്കണോമിക്ക് ഫൗണ്ടേഷനിൽ ഒടുക്കിയ തുക , ചെക്ക് നമ്പർ |
|---|---|---|---|---|
| പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യൽ ,177/22(SO) | 500 | 45000 | 40430 | 45000 ( 715248 /31.03.22) |
| കിച്ചൺ ബിൻ വിതരണം ചെയ്യൽ , 178/22(SO) | 94 | 3854 | 4551 | 3854( 715253 /31.03.22) |
| ആകെ | | 48854 | 44981 | |
| വ്യത്യാസം | | | | 48854- 44981 = 3873 |
| മുൻ ഖണ്ഡിക പ്രകാരം ഗുണഭോക്തൃ വിഹിതമായി പിരിച്ച തുക | | | | 540 |

| | |
|---|---|
| ഒടുക്കിയതിൽ കുറവ് വന്ന തുക | |
| തനത് ഫണ്ടിൽ നിന്ന് കൂടുതലായി ഒടുക്കിയ തുക | 4413 രൂപ ( 3873 + 540) |

മേൽ പട്ടികയിൽ ഗുണഭോക്താക്കളുടെ എണ്ണവും ലഭിച്ച തുകയും തമ്മിലും പൊരുത്തപ്പെടുന്നില്ല . പണം സ്വീകരിച്ചതിന് ഗുണഭോക്താക്കൾക്ക് രസീത് നല്കിയിട്ടുമില്ല. എപ്രകാരമാണ് ലഭിച്ച പിരിവ് തുകയേക്കാൾ കൂടുതൽ സോഷ്യോ എക്കണോമിക്ക് ഫൗണ്ടേഷനിൽ ഒടുക്ക് വരുത്തുവാൻ കഴിഞ്ഞത് എന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 03/30.01.23) മാർച്ച് 31 അകം പദ്ധതി നിർവഹണം പൂർത്തീകരിക്കേണ്ടതിനാലാണ് എല്ലാ ഗുണഭോക്താക്കളിൽ നിന്നും തുക പിരിച്ചെടുക്കുന്നതിന് മുൻപ് തന്നെ സോഷ്യോ എക്കണോമിക്ക് ഫൗണ്ടേഷനിൽ ഒടുക്ക് വരുത്തിയത് എന്നും എന്നാൽ പ്രസ്തുത തുക പിന്നീട് ഗുണഭോക്താക്കളിൽ നിന്നും ലഭിച്ചില്ലയെന്നും മറുപടി നൽകി . പിരിച്ചടുക്കുന്ന തുകയുടെ വിവരങ്ങൾ യഥാസമയം തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാലാണ് ഗുണഭോക്താക്കളുടെ എണ്ണവും ലഭിച്ച തുകയും തമ്മിലും പൊരുത്തപ്പെടാത്തത് എന്ന് ഓഡിറ്റ് അനുമാനിക്കുന്നു. ഗുണഭോക്താക്കളിൽ നിന്നും ലഭിക്കാനുള്ള തുക പഞ്ചായത്തിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. പിരിച്ചടുക്കുന്ന തുകയുടെ വിവരങ്ങൾ യഥാസമയം തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുക അതാത് ദിവസം തന്നെ പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ കർശനമായും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൻ മേൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു . ലഭിക്കാനുള്ള തുക ഗുണഭോക്താക്കളിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ വിവിധ സാമ്പത്തിക ഇടപാടുകളുടെ അക്കൗണ്ട്സ് സൂക്ഷിപ്പുമായി ബന്ധപ്പെട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ട അടിസ്ഥാന രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല എന്ന് കാണുന്നു. 2021-22 വർഷം അടിസ്ഥാന രജിസ്റ്ററുകൾ നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയാണ് അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ നടന്നിട്ടുള്ളത്. രജിസ്റ്റർ സൂക്ഷിപ്പിലെ പ്രധാനപ്പെട്ട അപാകതകൾ താഴെ വിവരിക്കുന്നു.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് | രജിസ്റ്ററിന്റെ ഉദ്ദേശ്യം | അപാകതകൾ |
|---|---|---|---|
| 1. | Special Grants Appropriation Control Register(ACR) | പഞ്ചായത്തിലെ എല്ലാ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും ബ്ലോക്ക് ജില്ല പഞ്ചായത്ത് വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതങ്ങൾ തുടങ്ങി പഞ്ചായത്ത് ഫണ്ടിലെ ഗ്രാന്റുകളുടെ വിനിമയം രേഖപ്പെടുത്തുന്ന രജിസ്റ്റർ. | രജിസ്റ്റർ അപൂർണ്ണമാണ് |
| 2. | Deposits Received Register | ലഭിച്ച നിക്ഷേപങ്ങളുടെ വിവരം, കാലയളവ്, റീഫണ്ട് എന്നിവ നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ. ഉദാ:EMD | ഓഡിറ്റ് കാലയളവിലെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| 3 | Loan Register | പഞ്ചായത്ത് എടുക്കുന്ന വായ്പാ വിവരങ്ങൾ, അവയുടെ തിരിച്ചടവ് എന്നിവ | ഓഡിറ്റ് കാലയളവിലെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |

| | | | |
|---|---|---|---|
| | | നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ | |
| 4. | Governmet & Other Dues Register | സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കുമുള്ള അടവാക്കൽ നിരീക്ഷിക്കുന്ന രജിസ്റ്റർ ഉദാ:GST | രജിസ്റ്ററും വിശദാംശങ്ങളും സൂക്ഷിക്കുന്നില്ല. |
| 5. | Asset Register | ആസ്തികളുടെ മൂല്യം കൃത്യമായി വർഗ്ഗീകരിച്ച് സൂക്ഷിക്കുന്നതിന്. | രജിസ്റ്റർ കാലികമല്ല. ആസ്തികളുടെ കൃത്യമായ കണക്കെടുപ്പ് നടന്നിട്ടില്ല. ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവുകൾ അക്കൗണ്ട് ചെയ്യുന്നതിൽ ധനകാര്യ പത്രികയിലും അപാകതകൾ നിലനിൽക്കുന്നു. |
| 6. | Advanve Register | പഞ്ചായത്തിൽ നിന്നും നൽകുന്ന വിവിധ അഡ്വാൻസ് തുകകൾ, ഡെപ്പോസിറ്റ് വർക്ക് തുക എന്നിവയുടെ വിനിയോഗം ക്രമീകരണം എന്നിവ നിരീക്ഷിക്കുന്നതിന് | ഓഡിറ്റ് കാലയളവിൽ രജിസ്റ്ററും വിശദാംശങ്ങളും സൂക്ഷിക്കുന്നില്ല.. |
| 7. | Capital Work In Progress Register | പാർട്ട് ബിൽ വിശദാംശങ്ങൾ നിരീക്ഷിക്കുന്നതിന്. ഫൈനൽ ബിൽ പ്രകാരം ആസ്തിയിലേക്ക് ഉൾപ്പെടുത്തുന്നതിന് പ്രോജക്റ്റ് വിശദാംശങ്ങൾ ഉൾപ്പടെ നിരീക്ഷിക്കുന്നതിന്. | രജിസ്റ്ററും വിശദാംശങ്ങളും സൂക്ഷിക്കുന്നില്ല. |
| 8. | Audit Recovery Register | ഓഡിറ്റ് റിപ്പോർട്ട്, സർച്ചാർജ് നോട്ടീസ് എന്നിവ പ്രകാരം അടവാക്കുന്ന തുകകളുടെ വരവ് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന്. തുക ഒടുക്കിയ വ്യക്തി/സ്ഥാപനം, ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക, വർഷം തുടങ്ങിയ വിശദാംശം ചേർത്ത് സെക്രട്ടറി സൂക്ഷിക്കേണ്ട രജിസ്റ്റർ. | രജിസ്റ്ററും വിശദാംശങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. |

ഓഡിറ്റ് കാലയളവിൽ മേൽ വിവരിച്ച അടിസ്ഥാന രജിസ്റ്ററുകൾ തയാറാക്കാതെയാണ് ഇടപാടുകൾ നടന്നിട്ടുള്ളത് എന്നതിനാൽ ഇടപാടുകളുടെ കൃത്യതയും ആധികാരികതയും ഓഡിറ്റിന് ഉറപ്പാക്കാനാവുന്നില്ല. മേൽവിവരിച്ച രജിസ്റ്ററുകൾ മുന്നിരിപ്പ് വിശദാംശങ്ങൾ, തൻവർഷ ഇടപാടുകൾ, ഇടപാടുകളുടെ സംക്ഷിപ്തം തുടങ്ങിയ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി ഓരോ ഇടപാടുകളും സെക്രട്ടറി

സാക്ഷ്യപ്പെട്ടുത്തി സൂക്ഷിക്കേണ്ടതാണ് . അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കേണ്ടതാണ്.

### 1-14 വസ്തുനികുതിയിനത്തിൽ 408916 രൂപ കുടിശ്ശിക

വസ്തുനികുതിയിനത്തിൽ 31.03.2022-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | റെസിഡെൻഷ്യൽ (കറണ്ട്) | 15,163 |
| 431100102 | റെസിഡെൻഷ്യൽ (അരിയർ) | 10,915 |
| 431100103 | നോൺ റെസിഡെൻഷ്യൽ (കറണ്ട്) | 235,861 |
| 431100104 | നോൺ റെസിഡെൻഷ്യൽ (അരിയർ) | 146,977 |
| ആകെ | | 408916 |

വസ്തുനികുതിയിലെ കുടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.04/30.01.2023) കുടിശിക തുക ഈടാക്കാൻ ക്യാമ്പ് കളക്ഷൻ ഉൾപ്പെടെയുള്ള നടത്തുന്നുണ്ടെന്ന് മറുപടി നൽകി . നികുതിപിരിവ് ഊർജിതമാക്കാനുള്ള ശ്രമം നടത്തേണ്ടതാണ് . ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-15 കേരള വാട്ടർ അതോറിറ്റി വക കെട്ടിടത്തിന് വസ്തു നികുതി ഒഴിവാക്കി നല്കി

പഞ്ചായത്തിലെ 5-ാം വാർഡിൽ 93A നമ്പർ നല്കിയ Executive Engineer , Project Division കേരള വാട്ടർ അതോറിറ്റി വക 720 ച.മീ വിസ്തീർണ്ണമുള്ള ജല ശുദ്ധീകരണ ശാലയെ വസ്തുനികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 207 ൽ സൂചിപ്പിച്ച ഗണത്തിൽ വരുന്ന കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവ് അനുവദിക്കേണ്ടത് . 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ഏത് സെക്ഷൻ പ്രകാരമാണ് നികുതി ഒഴിവാക്കി നല്കിയിട്ടുള്ളത് എന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല . ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 04/30.01.23) കെട്ടിടത്തിന്റെ വിസ്തീർണം രേഖപ്പെടുത്തിയ കൃത്യമായ പ്ലാൻ സമർപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതാണെന്നും നിയമപ്രകാരമുള്ള വസ്തു നികുതി നിശ്ചയിച്ച് ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി നല്കി. പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് 2019-20 രണ്ടാം അർദ്ധ വർഷം മുതലുള്ള കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-16 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (ii) (iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരു വ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ്

ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | ഷാജി വർഗ്ഗീസ് |
| 2 | സുരേഷ് കുമാർ T S |
| 3 | സുധീഷ് K. S |
| 4 | A B സലിം |
| 5 | ബാബുകുട്ടി ജോസഫ് |

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെ വീഴ്ച ഇത് വ്യക്തമാക്കുന്ന കരാറുകാർ ഈ കാലയളവിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 02/28.01.23) തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകി . നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 , 14 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണ് . കരാറുകാർ ഈ കാലയളവിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | വെള്ളാവൂർ സെൻട്രൽ SCB, താഴത്ത്‌വടകര | ഒന്ന് |
| 2 | സ്കാൻറോൺ ഡയഗ്നോസ്റ്റിക്ക് സെന്റർ | ഒന്ന് |
| 3 | സുഷാലയ പുഷ്പഗിരി ഹോസ്പിറ്റൽ | രണ്ട് |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.02/28.01.2023) മറുപടിയിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു . കേരള പഞ്ചായത്ത് രാജ് ആക്ട് 204,205 വകുപ്പുകൾ , കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2021-22 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

1-18 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മുളമൂട്ടിൽ ഫിനാൻസ് ലി. മണിമല | ഒന്ന് ,രണ്ട് |
| 2 | വെള്ളാവൂർ സെൻട്രൽ SCB, താഴത്ത്വടകര | ഒന്ന് |
| 3 | സ്കാൻറോൻ ഡയഗ്നോസ്റ്റിക്ക് സെന്റർ | ഒന്ന് , രണ്ട് |
| 4 | സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് , കടയിനിക്കാട് | രണ്ട് |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.02/28.01.2023) മറുപടിയിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു . കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ , കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ 2021-22 വർഷത്തെ സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

1-19 തേക്ക് തടി ലേല നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗവ.എൽ.പി സ്കൂൾ മണിമല-സ്കൂൾ വളപ്പിൽ അപകടകരമായി നിന്നിരുന്ന തേക്ക് മരം വൗച്ചർ നമ്പർ 22100294/22.07.21 പ്രകാരം 2000 രൂപ ചെലവഴിച്ച് മുറിച്ച് മാറ്റിയിട്ടുണ്ട്. 15.02.21 ലെ 4(5) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം വാല്യുവേഷൻ ലഭ്യമാക്കി നടപടികൾ പൂർത്തീകരിച്ച് ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ലേലം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-10/31.01.23)ക്ക്67341 രൂപയുടെ വാല്യുവേഷൻ ലഭിച്ചിരുന്നുവെങ്കിലും ലേലം നടപടികളിൽ ആരും പങ്കെടുത്തിട്ടില്ലാത്തതിനാൽ തടി ലേലം ചെയ്യുവാൻ സാധിച്ചിട്ടില്ലായെന്നും, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റുടെ നിർദ്ദേശം പാലിച്ച് പുനർലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ടി സാഹചര്യത്തിൽ അടിയന്തിരമായി തേക്ക് തടി ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 ഇ—ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ്ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2021-22വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് / നം | ലഭിച്ച ടെൻഡറുകൾ | ടെൻഡർ ഫീസ് | ആകെ ടെൻഡർ ഫീസ് |
|---|---|---|---|---|
| 1 | മണിമല കുളത്തുങ്കൽ വെള്ളച്ചിറവയൽ റോഡ് പുനരുദ്ധാരണം -96/22 | 2 | 1120 | 2240 |
| 2 | കുന്നിനി കുരിശടി റോഡ് റീ ടാറിംഗ്-204/22 | 2 | 1120 | 2240 |
| 3 | ഗവൺമെൻറ് എൽപിഎസ് വെള്ളാവൂർ ടോയ്‌ലറ്റ് നിർമ്മാണം- | 2 | 1080 | 2160 |

| | | | | |
|---|---|---|---|---|
| | 144/22 | | | |
| 4 | വെള്ളച്ചിറവയൽ പുളിന്തറ റോഡ് കോൺക്രീറ്റ്-68/22 | 2 | 1000 | 2000 |
| 5 | വെള്ളാവൂർ ഗ്രാമപഞ്ചായത്ത് ഊരുകൂട്ട സാംസ്കാരിക നിലയത്തിന് സംരക്ഷണഭിത്തി നിർമ്മാണം-190/22 | 2 | 2000 | 4000 |
| ആകെ | | | | 12640 |

2019-20,20-21 വർഷങ്ങളിൽ ഇ-ടെൻഡർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള 47832/രൂപ ഉൾപ്പടെ ആകെ60472/-രൂപ തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-21 തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്ക് അനുവദിക്കുന്നു

പൊതു/വ്യക്തിഗത ആസ്തി നിർമ്മാണ പ്രവർത്തികൾക്ക് സെക്യൂർ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 11600/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 580രൂപ) അനുവദിച്ചു നൽകിയിട്ടുള്ളത്. സിമന്റ് വില ഏറ്റവും കൂടുതൽ വന്നപ്പോഴും, പരമാവധി മാർക്കറ്റ് വില ഒരു ചാക്കിന് 400-425/- രൂപ മാത്രമായിരുന്നു. 2021-22 വർഷം എത്ര പ്രവൃത്തികൾക്ക് സിമന്റിന് മാർക്കറ്റ് റേറ്റിനേക്കാൾ അധികം തുക നൽകി / നൽകാനുണ്ട് എന്നും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.05/31.01.23 ) 2 വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് ഇപ്രകാരം തുക നല്കിയിട്ടുണ്ട് എന്ന് മറുപടി നല്കി . തൻ വർഷം നടപ്പാക്കിയ മറ്റു പ്രവൃത്തികളുടെ തുക നല്കിയിട്ടില്ല എന്നും അറിയിച്ചു .

നിലവിൽ സെക്യൂർ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 12288/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 614.40 രൂപ) അനുവദിച്ചു നൽകിയിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ പരാമർശിക്കും പ്രകാരം ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08-07-22 ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു /വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമേ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇനി തുക അനുവദിക്കുവാനുള്ള പ്രവൃത്തികളിലും തുടർന്ന് ഏറ്റെടുക്കുന്ന പ്രവർത്തികളിലും മേൽ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സിമന്റിന്റെ വില അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 റോഡ് മെയിന്റനൻസ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി.യും തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നു

2021-22 വർഷം വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ഫണ്ട്(റോഡ്)വിനിയോഗിച്ച് അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ വാർഡ് 1 ലെ കുന്നിനി കുരിശ്ശടി റോഡ് റീടാറിംഗ് (പ്രോജക്ട് നം S0204/22&S0158/22) എന്ന പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റിയും സെയിൽ ഓഫ് എംപ്റ്റീസ് ആന്റ് വേസ്റ്റ് മെറ്റീരിയൽസ് എന്ന ഹെഡിൽ തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഇപ്രകാരം റിക്കവർ ചെയ്ത 10397/-രൂപ അതാതു

ഹെഡുകളിലേയ്ക്ക് തിരികെ അടവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി(നം.6dt 31.1.23)ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ അടവാക്കിയ കാലിവീപ്പകളുടെ വില ജി.എസ്.ടി ഉൾപ്പടെയുള്ള തുക അതാത് ഹെഡുകളിൽ അടവാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## 1-23 മഠത്തുംമുറി സ്കൂൾപടി -പാലത്തുങ്കൽ പാലം പുനരുദ്ധാരണത്തിന് ശേഷം സംരക്ഷണ ഭിത്തി തകർന്ന അവസ്ഥയിൽ

പ്രോജക്റ്റ് നം.S0089/22

അടങ്കൽ

മെയിന്റനൻസ് ഫണ്ട്(റോഡ്)-50,000

ചെലവഴിച്ച തുക-31229 (ബിൽ നം.78/22 Dt.27.03.22)

വാർഡ് 12ലെ മഠത്തുംമുറി സ്കൂൾ പടി-പാലത്തുങ്കൽ പാലം പുനരുദ്ധാരണം കൈവരി സ്ഥാപിക്കൽ എന്ന പ്രവൃത്തി പൂർത്തിയാക്കി 31229/-രൂപ ബിൽ തുക മാറിയിട്ടുണ്ട്.1.2.23ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പാലത്തിന്റെ സംരക്ഷണഭിത്തിയുടെ ഒരു വശം ഇടിഞ്ഞുകിടക്കുന്നതായി കണ്ടു.നിലവിൽ ടി പാലം അപകടാവസ്ഥയിലാണ്. പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷമാണ് സംരക്ഷണഭിത്തി പൊളിഞ്ഞതെന്ന് വാർഡ് മെമ്പർ അറിയിച്ചു. ടി പാലത്തിന്റെ സംരക്ഷണഭിത്തി കെട്ടി ബലപ്പെടുത്തി ജനങ്ങൾക്ക് ഉപയോഗപ്രദമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 മരുന്ന് ലഭ്യമായില്ല-

| അടങ്കൽ | ചെലവ് |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 200000 | 150000- ( Bill No. 40/05-02-22) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഹോമിയോമരുന്ന് വാങ്ങൽ പദ്ധതി (പ്രോ.നം.12/22) പ്രകാരം ആലപ്പുഴ ഹോംകോയിലേയ്ക്ക് 150000- അടവാക്കിയിട്ടുണ്ട്. നൽകിയ അന്വേഷണകുറിപ്പിന് ( നം.8/31.01.23) നാളിതുവരെ മരുന്ന് കിട്ടിയിട്ടില്ല എന്നാണ് മറുപടി നൽകിയത്. തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരുന്നു. എത്രയും വേഗം തുടർനടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിശദാംശങ്ങൾ അറിയിയ്ക്കുന്നതുവരെ 150000- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ ചട്ടം(3) പ്രകാരം പേമാരി, വെള്ള പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റികൈക്കൊള്ളേണ്ടതാണ്.

1-26 ആശ്രയ- വികസനഫണ്ട് പൂർണമായും വിനിയോഗിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ആശ്രയ (പ്രോ.നം 7/22) പദ്ധതി പ്രകാരം തൻവർഷം വികസനഫണ്ടിൽ നിന്നും 100000- (Bill No-14/13-08-21) ആശ്രയ അക്കൌണ്ടിലേയ്ക്ക് മാറി നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിൽ വികസനഫണ്ടിൽ നിന്നും ലഭിച്ച 1815000- രൂപയിൽ നിന്നും 800000- മാത്രമേ ചെലവഴിച്ചിരുന്നുള്ളു. ആയതിനാൽ 1015000- രൂപ മുന്നിരിപ്പുൾപ്പെടെ 1115000- രൂപ തൻവർഷം പ്ലാൻഫണ്ട് ശേഷിച്ചതിൽ നിന്നും ഓഡിറ്റ് കാലയളവിൽ വീട് മെയിന്റനൻസിനത്തിൽ 50000- രൂപയും വീട് നിർമ്മാണത്തിനായി മൂന്ന് ഗുണഭോക്താക്കൾക്കായി 900000- രൂപയും ചെലവഴിച്ചിട്ടുണ്ട്. നിലവിൽ മുൻവർഷത്തെ നീക്കിബാക്കിയുൾപ്പെടെ 165000-രൂപ വികസനഫണ്ടിനത്തിൽ അക്കൌണ്ടിൽ ശേഷിയ്ക്കുന്നു. ചലഞ്ച് ഫണ്ടിനത്തിൽ ആദ്യഗഡുവിന്റെ ബാക്കി തുകയായ 159783 രൂപയും രണ്ടാം ഗഡുവായ1312466- രൂപയുമുൾപ്പെടെ 1472249- രൂപ തൻവർഷം ലഭിച്ചതിൽ നിന്നും ഭക്ഷ്യകിറ്റ് വിതരണം നടത്തുന്നുണ്ട്. പ്രതിമാസം 87100- രൂപ ഭക്ഷണച്ചെലവിനായി വിനിയോഗിയ്ക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ 127 ഗുണഭോക്താക്കളാണ് ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. തൻവർഷം ഭവനനിർമ്മാണത്തിനായി തുക നൽകിയവരിൽ ഒരാളുടേത് മാത്രമേ പൂർത്തിയാക്കിയിട്ടുള്ളു. ബാക്കി 2 പേരുടെയും ഭവനനിർമ്മാണം പൂർത്തിയാക്കി പ്ലാൻഫണ്ട് പൂർണമായും വിനിയോഗിയ്ക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

1-27 പ്രേരകിന് നൽകിയ ഹോണറേറിയം- റീക്കുപ്പ് ചെയ്യേണ്ടത്-

തൻവർഷം തനതുഫണ്ടിൽ നിന്നും വൌച്ചർ നം നം.22100059/26-04-21, നം.22100103/06-05-21 – എന്നിവ പ്രകാരം 20128-രൂപ (12728 + 7400 ) പ്രേരക് അനിൽകുമാർ എ.സി യ്ക്ക് 12/20, 2/21 ,3/21 എന്നീ മാസങ്ങളിലെ ഹോണറേറിയമിനത്തിൽ നൽകിയിട്ടുണ്ട്. സാക്ഷരതാമിഷനിൽ നിന്നും തുക ലഭ്യമാക്കി, റീക്കുപ്പ് ചെയ്ത് ആയതിന്റെ വിവരം അറിയിയ്ക്കേണ്ടതാണ്.

1-28 തുക കൈമാറൽ- വിനിയോഗവിവരം ലഭ്യമാകാത്തത്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ കൊടുത്തിരിയ്ക്കുന്ന പദ്ധതികൾ പ്രകാരം വിവിധ പദ്ധതികൾക്കായി തുക കൈമാറിയിട്ടുണ്ട്. അവയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ്നം/ പേര് | തുക കൈമാറിയ സ്ഥാപനം | ബിൽ നം | തുക |
|---|---|---|---|---|
| 1 | 14/22.പിഎച്ച്സി എഫ്എച്ച്സി ആക്കൽ -എൻ എച്ച് എം ന് തുക കൈമാറൽ | ഡിസ്ട്രിക്ട് ഹെൽത്ത് &ഫാമിലി വെൽഫെയർ സൊസൈറ്റി, ആരോഗ്യകേരളം, കോട്ടയം | 28/08-11-21 | 782000- |
| | | | 59/27-03-22 | 135319- |
| 2 | 207/22. പിഎംഎവൈ വിഹിതം | വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 389/08-03-22 | 210000- |
| | ആകെ | | | 1127319- |

പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 1127319- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 18/06/2022-ലെ 2/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 31/01/2023 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2021-22 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | 2021-22 | 48520 | പാലിയേറ്റീവ് കെയർ(30/22) | 48520 | 0 |
| | | 340000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം(149/22) | 340000 | 0 |
| | | 100000 | അങ്കണവാടി പോഷകാഹാരം ജനറൽ (17/22) | 100000 | 0 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത (20/22) | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 340000 | ലൈഫ് ഭവന പദ്ധതി ജനറൽ(147/22) | 340000 | 0 |
| | | 780000 | ലൈഫ് ഭവന പദ്ധതി ജനറൽ(34/22) | 780000 | |
| | | 250000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (21/22) | 250000 | 0 |
| ആകെ | | 1958520 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1958520 | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം - ബാലൻസ് തുക നൽകൽ(235/22) | 100000 | 0 |
| | | 540000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം(149/22) | 540000 | |
| | | 117261 | അങ്കണവാടി പോഷകാഹാരം ജനറൽ (17/22) | 117261 | |
| | | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത (20/22) | 250000 | |
| | | 50000 | ലൈഫ് ഭവന പദ്ധതി ജനറൽ(147/22) | 50000 | |
| | | 460000 | ലൈഫ് ഭവന പദ്ധതി ജനറൽ(34/22) | 460000 | 0 |
| | | 900000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (21/22) | 900000 | 0 |
| ആകെ | | 2417261 | ജില്ലാ പഞ്ചായത്ത് വിഹിതം | 2417261 | 0 |

ലൈഫ് ഭവന പദ്ധതി ജനറൽ(34/22) -160000 രൂപയുടെ ചെലവ് (ജില്ലാ പഞ്ചായത്ത് വിഹിതം) നടന്നതായി ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ട്രഷറിയിൽ ബിൽ ഒബ്ജക്ട് ആയതിനാൽ ചെലവ് നടന്നിട്ടില്ല.ചെലവ് പത്രികയിൽ ഉൾപ്പെട്ട പ്രസ്തുത തുക ഒഴിവാക്കിയാണ് മേൽ പട്ടിക തയാറാക്കിയിരിക്കുന്നത് . വാർഷിക കണക്കും മേൽ പട്ടികയിലെ ബ്ലോക്ക് വിഹിതം തുകയും തമ്മിലുള്ള വ്യത്യാസത്തിന് ( 60000 രൂപയുടെ) കാരണം വിശദീകരിച്ചില്ല .

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

2021-22 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്ത് വായ്പ എടുത്തിട്ടില്ല . ഓഡിറ്റ് വർഷത്തെ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 2695236 | 0 | 2695236 | 968000 | 0 | 1727236 |

വികസന ഫണ്ട്-ജനറൽ , വികസന ഫണ്ട് -എസ്.സി.പി എന്നീ ഫണ്ടുകളുടെ അലോട്ട്മെന്റിൽ നിന്ന് 968000 രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

4-6 സ്ഥിര നിക്ഷേപം

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

4-7 ഓഡിറ്റ് റിക്കവറി

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല .

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം

| ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00 45,46,47 | 2002-03 | കമ്പ്യൂട്ടർ സെന്റർ പദ്ധതി | നടപടികൾ ഒന്നുംതന്നെ ആയിട്ടില്ല |
| 2014-15 2-3-1 , 2-3-2 | 2016-17 (അനുബന്ധം- 4) | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ | | 73455274 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66546284 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1277319 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 150000 | സെക്രട്ടറി (ഷീബാ മോൾ.കെ.എം) |
| 1-28 | 1127319 | സെക്രട്ടറി (ഷീബാ മോൾ.കെ.എം) |
| ആകെ | 1277319 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.പി4-352/2001/17.2.14 /3.3.04 | 3 |
| 1998-99 | എൽ.എഫ്.കെ.പി4-934/02/31.12.04 /5.1.05 | 31 |
| 1999-2000 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)231(1)/22, 26.08.2022 | 10 |
| 1999-00, 01-02 പ്ലാൻ കണക്കുകൾ | എൽ.എഫ്.കെ.പി.4-817/03/6.4.04 /14.5.04 | 7 |

| | | |
|---|---|---|
| 2000-01 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)231(2)/22, 26.08.2022 | 2 |
| 2001-02 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)231(3)/22, 26.08.2022 | 1 |
| 2002-03 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)231(4)/22, 26.08.2022 | 1 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി5-794/08/23.2.11/അദാ. | 3 |
| 2004-05 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)231(5)/22, 26.08.2022 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)231(11)/22, 26.08.2022 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)231(8)/22, 26.08.2022 | 4 |
| 2008-09 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)231(9)/22, 26.08.2022 | 2 |
| 2009-10, 2010-11 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)231(10)/22, 26.08.2022 | 9 |
| 2011-12, 12-13 | കെ.എസ്.എ-കെ.ടി.എം.പി5/1560/2015/31.3.16 | 23 |
| 2013-14 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)824/22, 26.08.2022 | 4 |
| 2014-15 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)824/22, 26.08.2022 | 6 |
| 2015-16 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)824/22, 26.08.2022 | 14 |
| 2016-17 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)824/22, 26.08.2022 | 11 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/1398(1)/22-13.09.2022 | 4 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/1398(3)/22-27.10.2022 | 10 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5/1536/21 – 02.02.2022 | 10 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി5/1398(1)/22-27.10.2022 | 12 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്